മലയാള മനോരമ

16 June 2023

# അനിയന്ത്രിത ചെറുമത്സ്യബന്ധനം: കേരളത്തിനു കനത്ത നഷ്ടം

മനോരമ ലേഖിക

കൊച്ചി ● അനിയന്ത്രിതമായ ചെറുമത്സ്യ ബന്ധനം മൂലം കേരളത്തിന്റെ സമുദ്രമത്സ്യമേഖലയ്ക്കു കനത്ത നഷ്ടം. കഴിഞ്ഞ വർഷം കേരളതീരത്തുനിന്നു പിടിച്ച കിളിമീനുകളിൽ 31% നിയമപരമായി പിടിക്കാവുന്ന വലുപ്പത്തിൽ (എംഎൽഎസ്) ചെറുതായിരുന്നു.

ഈ ഗണത്തിൽ 178 കോടി രൂപയുടെ നഷ്ടമുണ്ടെന്നും മത്തിക്കുഞ്ഞുങ്ങളെ പിടിച്ചതിലൂടെ 137 കോടി രൂപയുടെ നഷ്ടമുണ്ടെന്നും കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) റിപ്പോർട്ടിൽ പറയുന്നു.

മുൻകാലങ്ങളിൽനിന്നു വ്യത്യസ്തമായി ട്രോളിങ് നിരോധന കാലയളവിലാണു മത്തിക്കുഞ്ഞുങ്ങളെയും മറ്റും ധാരാളം പിടിക്കുന്നതെന്നു റിപ്പോർട്ട് അവതരിപ്പിച്ച സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ടി.എം. നജ്മുദീൻ പറഞ്ഞു.

എംഎൽഎസ് നടപ്പാക്കിത്തുടങ്ങിയതോടെ മുൻകാലങ്ങളെക്കാൾ ചെറുമത്സ്യ ബന്ധനം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. എംഎൽഎസ് നിയന്ത്രണത്തിന്റെ സ്വാധീനം മനസ്സിലാക്കാൻ സിഎംഎഫ്ആർഐ കിളിമീനുകളിൽ പഠനം നടത്തിയിരുന്നു.

> **മത്തിക്കുഞ്ഞുങ്ങളെയും മറ്റും ധാരാളം പിടിക്കുന്നത് ട്രോളിങ് നിരോധന കാലയളവിലെന്നു റിപ്പോർട്ട്**

അവയുടെ ഉൽപാദനത്തിലും മൊത്ത ലഭ്യതയിലും ഗണ്യമായ വർധനയുണ്ടായി എന്നാണു കണ്ടെത്തൽ. നിരോധനത്തിനു മുൻപും ശേഷവുമുള്ള കണക്കുകൾ വിലയിരുത്തിയപ്പോൾ കിളിമീൻ ഉൽപാദനം 41%, മൊത്ത ലഭ്യത 27%, അംഗസംഖ്യ 64% എന്നിങ്ങനെ കൂടി. ചെറുമത്തി ഒരു ടൺ പിടിക്കുമ്പോൾ 4.5 ലക്ഷം രൂപയാണു മത്സ്യമേഖലയ്ക്കു നഷ്ടം.

കൂടുതൽ മത്സ്യയിനങ്ങൾ എംഎൽഎസ് നിയന്ത്രണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതും ചില മത്സ്യയിനങ്ങളുടെ എംഎൽഎസിൽ മാറ്റം വരുത്തുന്നതും സംബന്ധിച്ചു പഠനങ്ങളും ചർച്ചകളും പുരോഗമിക്കുകയാണെന്നു സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഇ.എം. അബ്ദുസ്സമദ് പറഞ്ഞു.



സിഎംഎഫ്ആർഐയിൽ നടന്ന ശിൽപശാലയിൽ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പ്രസംഗിക്കുന്നു.

## നിയന്ത്രണം മത്തിയുടെ ഉൾപ്പെടെ ഉൽപാദനം കൂട്ടി

ചെറുമീൻപിടിത്ത നിരോധനം ഉൾപ്പെടെ നിയന്ത്രണങ്ങളും അനുകൂല കാലാവസ്ഥയും കഴിഞ്ഞ വർഷം മത്തി ഉൾപ്പെടെ മത്സ്യ ഇനങ്ങളുടെ ഉൽപാദനം കൂടാൻ കാരണമായതായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അഭിപ്രായപ്പെട്ടു. 'കേരളത്തിലെ മത്സ്യബന്ധനവും സുസ്ഥിര വികസനവും' സംബന്ധിച്ച് സിഎംഎഫ്ആർഐ നടത്തിയ ശിൽപശാലയിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം.

മീനുകളുടെ, നിയമപരമായി പിടിക്കാവുന്ന വലുപ്പത്തിന്റെ (എംഎൽഎസ്) അടിസ്ഥാനത്തിലുള്ള നിയന്ത്രണത്തിന് എല്ലാ തീര സംസ്ഥാനങ്ങൾക്കും സിഎംഎഫ്ആർഐ നിർദേശം നൽകിയെങ്കിലും കേരളവും കർണാടകയും മാത്രമാണു നടപ്പാക്കിയത്. അദ്ദേഹം പറഞ്ഞു.

ഡോ. ടി.എം. നജ്മുദീൻ, ഡോ. ഇ.എം. അബ്ദുസ്സമദ്, ഡോ. പി. ലക്ഷ്മിലത, ഡോ. സി. രാമചന്ദ്രൻ, ഡോ. എൻ. അശ്വതി, ഡോ. എം.വി. ബൈജു, എൻ.കെ. സന്തോഷ്, എൻ.ആർ. സംഗീത, പി. സന്ദീപ്, ജി. സേതു, മത്സ്യമേഖലയെ പ്രതിനിധീകരിച്ച് ചാൾസ് ജോർജ്, ജോസഫ് സേവ്യർ കളപ്പുരയ്ക്കൽ, പി.ടി. മോഹനൻ, കെ. വി. അനന്തൻ, എ.ഡി. ഉണ്ണിക്കൃഷ്ണൻ, എം. മജീദ്, മണി നായരമ്പലം, കെ.എ. സക്കറിയ, സി. കെ. സോമൻ, കെ.സി. ടോമി എന്നിവർ പ്രസംഗിച്ചു.